**പതിമൂന്നാം കേരള നിയമ സഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 425** **10.06.2014 ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോ**

ചോദ്യം
ശ്രീ. പി.കെ.ബഷീർ:

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും റെയിൽവേയും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചി മെട്രോ പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (എ) | നിർമ്മാണ പുരോഗതി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ എല്ലാ ഡയറക്ടർ ബോർഡ് യോഗങ്ങളിലും വിലയിരുത്തുന്നുണ്ട്. |
| (ബി) | ആയത് തൃപ്തികരമാണോ; | (ബി) | തൃപ്തികരമാണ് |
| (സി) | കൊച്ചി മോട്രോയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | 1 സ്ഥലമെടുപ്പിനുള്ള പുതിയ കേന്ദ്ര നിയമം ഈ വർഷം മുതൽ നിലവിൽ വന്നെങ്കിലും അതിന് അനുബന്ധമായുള്ള ചട്ടങ്ങൾ നിർമ്മിക്കപ്പെടുകയുണ്ടായില്ല. ഇത് പദ്ധതിയുടെ സ്ഥലമെടുപ്പിനെ ബാധിച്ച ഒരു പ്രശ്നമായിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ കൊച്ചി മെട്രോ റെയിൽ പദ്ധതിക്കും പദ്ധതി അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഭൂമി സ്ഥലമുടമകളിൽ നിന്ന് നേരിട്ട് വാങ്ങാനുള്ള അനുമതി നൽകിയതിനാൽ സ്ഥലമെടുപ്പ് പ്രവൃത്തികൾ ഇപ്പോൾ കാര്യമായ തടസ്സമില്ലാതെ നടന്നു വരികയാണ്.<br>2 പദ്ധതി പ്രദേശത്തെ റോഡുകളുടെ വീതി കറവു മൂലമുള്ള ഗതാഗത കുരുക്കാണ് മറ്റൊരു പ്രധാന പ്രശ്നം. മറ്റ് ഇട റോഡുകൾ വഴി ഗതാഗതം തിരിച്ചു വിട്ട് ഇത് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ